**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കൃഷി വകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഫാമുകളിലേയും മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലേയും കാഷ്വൽ തൊഴിലാളി നിയമനത്തിൽ ടി ഫാമുകളുടെ സമീപ പ്രദേശത്തുള്ള ആദിവാസി വിഭാഗങ്ങളിൽ നിന്നുമുള്ളവർക്ക് പത്ത് ശതമാനം സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) 1219/2012/കൃഷി. തീയതി, തിരുവനന്തപുരം, 06.06.2012.

**ഉത്തരവ്**

നിലവിലുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഫാമുകളിലും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നത്. മലപ്പുറം ജില്ലയിലെ മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ തൊട്ടടുത്തുള്ള ആദിവാസി കോളനികളിലെ ഒരു വീട്ടിൽ നിന്ന് ഒരാൾക്ക് വീതം ജോലി നൽകുന്ന കാര്യം പരിഗണിക്കണമെന്ന നിർദ്ദേശത്തിന്മേൽ, ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 100 പേരെ നിയമിക്കുമ്പോൾ 10 പേരെ ആദിവാസി വിഭാഗത്തിൽ നിന്നും നിയമിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശിക്കപ്പെടുകയുണ്ടായി.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കൃഷി വകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഫാമുകളിലേയും മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലേയും കാഷ്വൽ തൊഴിലാളി നിയമനത്തിൽ ടി ഫാമുകളുടെ സമീപപ്രദേശത്തുള്ള ആദിവാസി വിഭാഗങ്ങളിൽ നിന്നുമുള്ളവർക്ക് പത്ത് ശതമാനം സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്. സത്യകുമാർ**

**ഡെപ്യൂട്ടി സെക്രട്ടറി.**

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കൃഷി (മൃഗസംരക്ഷണ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*//ശരിപ്പകർപ്പ്//*

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ.

**<u>കീഴെഴുത്ത് നമ്പർ. എൽ.ഡബ്ല്യു (2) 34534/11</u>**

കൃഷി ഡയറക്ടറാഫീസ്,
തിരുവനന്തപുരം,
തീയതി, 16.06.2012.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനന്തര നടപടികൾക്കായി എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും നൽകുന്നു.

**കൃഷി ഡയറക്ടർക്കു വേണ്ടി**

***B.J. JAYAKUMAR***
*Additional Director of Agriculture*
*(Biogas & Farms)*
*Directorate of Agriculture*
*Vikas Bhavan, Tvpm*

പകർപ്പ്:- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി)ക്ക് - കൃഷി ഡയറക്ടറുടെ വെബ്സൈറ്റിൽ ഇടുന്നതിനായി.

എസ്.എ.19/06.